പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2654

21.6.2012-ൽ
മറുപടിക്ക്

## നദികളിലെ അനിയന്ത്രിത മണലൂറ്റും പാരിസ്ഥിതിക പ്രത്യാഘാതവും

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) നദികളിൽ നിന്ന് അനിയന്ത്രിതമായി മണലൂറ്റുന്നതുമൂലം കരഭാഗങ്ങളും പാലങ്ങളും അപകടകരമായ അവസ്ഥയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽവാരൽ പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തീരപ്രദേശങ്ങളിലെ ഉപ്പുമണൽ അനധികൃതമായി ഖനനം നടത്തി കഴുകിയും കഴുകാതെയും കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇത് കെട്ടിടങ്ങളുടെ ഉറപ്പിന് ഉണ്ടാക്കിയേക്കാവുന്ന ദോഷങ്ങൾ കണക്കിലെടുത്ത് അനധികൃത മണലൂറ്റിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) അനധികൃത മണലൂറ്റിനെതിരെ ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും റവന്യൂ-പോലീസ് വകുപ്പുകളുടെ സംയുക്ത സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നതും അനധികൃത മണൽഖനനം നടത്തുന്നത് കണ്ടെത്തുന്ന കേസുകളിൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

Kajeem
സെക്ഷൻ ഓഫീസർ